നം. ICDS/B6/6286/17

വനിതാ ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി: 09.03.2018
email: swdicds@gmail.com
Ph: 0471-2346508 Fax: 0471-2346534

## സർക്കുലർ

വിഷയം:- വനിതാ ശിശു വികസന വകുപ്പ് - അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം - മാറി നൽകുന്നത് - സംബന്ധിച്ച്:

സൂചന :-
1. സ.ഉ (സാധാ) നം. 36/18/സാനീവ തീയതി: 25.01.18
2. സ.ഉ (സാധാ) നം. 1514/18/ധന തീയതി: 27.02.18
3. വനിതാ ശിശുവികസന ഡയറക്ടറുടെ 05.03.18ലെ ICDS/B6-6286/17 നമ്പർ പരിപത്രം

അങ്കണവാടി പ്രവർത്തകരുടെ വർദ്ധിപ്പിച്ച ഓണറേറിയത്തിൽ 01.04.17 മുതലുള്ള കുടിശ്ശിക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രോജക്ട് വച്ച് നൽകുന്ന 1000/- രൂപ കിഴിച്ച് മാറി നൽകുന്നതിന് സൂചന (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കുടിശ്ശികയായ തുക സൂചന (2) ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. ആയതിനാൽ അങ്കണവാടി വർക്കർ / ഹെൽപ്പർമാർക്കുള്ള ഓണറേറിയം 01.04.17 മുതൽ യഥാക്രമം 10,000/- , 7000/- (വകുപ്പു വിഹിതവും തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതവും, ഉൾപ്പെടെ) 15.03.18ന് മുമ്പ് കുടിശ്ശികയുണ്ടെങ്കിൽ അതുൾപ്പെടെ മാറി നൽകേണ്ടതും ആയത് ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. തുക മാറി നൽകുന്ന പഞ്ചായത്തുകളുടെ വിവരം ഈ കാര്യാലയത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വനിതാ ശിശു വികസന ഡയറക്ടർ (ഒപ്പ്)

എല്ലാ സിഡിപിഒമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

SK/18